**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ ചടയമംഗലത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ചടയമംഗലം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 20.25 ആർ (50 സെന്റ്) സ്ഥലം 2005 - ലെ പഞ്ചായത്ത് രാജ് വസ്തു (ഏറ്റെടുക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം റവന്യൂ വകുപ്പിന് വിട്ടുനൽകാൻ ചടയമംഗലം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 1993/2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 17.09.2019.

പരാമർശം :-1) സ. ഉ. (സാധാ) നം.56/2016 ഭവനം തീയതി 16/11/2016.

2) ചടയമംഗലം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 15/09/2017 - ലെ 1(4)-ാം നമ്പർ തീരുമാനം.

3) ചടയമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.07.2018 -ലെ ബി-3913/17 നമ്പർ കത്ത്.

4) പഞ്ചായത്ത് ഡയറക്ടറുടെ 04.01.2018,30.01.2019 തീയതികളിലെ സി2 -43561/17 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ ചടയമംഗലത്ത് മിനി സിവിൽ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ ഭൂമി ലഭ്യമല്ലാത്തതിനാൽ ചടയമംഗലം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചടയമംഗലം വില്ലേജിലെ ബ്ലോക്ക് നം.41 റീസർവ്വേ നം. 259/8, 259/9 , 259/10, 259/11 എന്നിവയിൽപ്പെട്ട 98 സെന്റ് സ്ഥലത്തിൽ നിന്നും 50 സെന്റ് സ്ഥലം റവന്യൂ വകുപ്പിന് കൈമാറുന്നതിന് അനുമതിയ്ക്കായി സർക്കാരിലേയ്ക്ക് അപേക്ഷിക്കാൻ ചടയമംഗലം ഗ്രാമപഞ്ചായത്ത് കമ്മിറ്റി പരാമർശം (2) പ്രകാരം തീരുമാനമെടുത്തിരുന്നു.

2) ചടയമംഗലം കേന്ദ്രീകരിച്ച് മിനിസിവിൽ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് സംസ്ഥാന സർക്കാർ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെന്നും ഭവന നിർമ്മാണ വകുപ്പിന്റെ ഉത്തരവ് പ്രകാരം സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് പാക്കേജിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളിൽ ഇത് ഉൾപ്പെട്ടിട്ടുണ്ടെന്നും ഇതിന്റെ നിർവ്വഹണ ചുമതല ഭവനനിർമ്മാണ ബോർഡിന് ഏൽപ്പിച്ചു കൊണ്ടും ടി പദ്ധതികൾക്കാവശ്യമായ ഭൂമി കണ്ടെത്തി ഭവനനിർമ്മാണ ബോർഡിന് നൽകാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ടെന്നും ചടയമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

3) ചടയമംഗലം വില്ലേജിൽ ബ്ലോക്ക് നം. 41 ൽ റീസർവ്വെ നം. 259/8-ലെ 4.68 ആർസും റീസർവ്വേ നമ്പർ 259/9 -ലെ 4.67 ആർസും റീസർവ്വേ നമ്പർ 259/10 -ലെ 4.82 ആർസിൽ നിന്നും 3.94 ആർസും റീസർവ്വേ നമ്പർ 259/11 -ലെ 23.95 ആർസിൽ നിന്നും 6.96 ആർസും ഉൾപ്പെടെ 20.25 ആർ (50 സെന്റ്)സ്ഥലമാണ് മിനി സിവിൽ സ്റ്റേഷൻ

കെട്ടിടം നിർമ്മിക്കുന്നതിന് കൈമാറുന്നതിന് ചടയമംഗലം ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളത്. ടി സ്ഥലം ഐ. എച്ച്. ആർ. ഡി സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് വില കൊടുത്ത് വാങ്ങിയിട്ടുള്ളതാണ്. കുട്ടികളുടെ അഭാവം മൂലം സ്കൂളിന്റെ പ്രവർത്തനം നിലച്ച പോയിട്ടുള്ളതും ഇപ്പോൾ തുടരാൻ സാദ്ധ്യത ഇല്ലാത്തതുമാണെന്നും ഗ്രാമപഞ്ചായത്താഫീസും ഘടക സ്ഥാപനങ്ങളും സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിച്ച വരുന്നതുമാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ ചടയമംഗലത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ചടയമംഗലം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചടയമംഗലം വില്ലേജിലെ ബ്ലോക്ക് നം. 41 ൽ 259/8, 259/9, 259/10, 259/11 എന്നീ റീസർവ്വേ നമ്പറുകളിൽപ്പെട്ട 20.25 ആർ (50 സെന്റ്) സ്ഥലം 2005 ലെ പഞ്ചായത്ത് രാജ് വസ്തു (ഏറ്റെടുക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം റവന്യൂ വകുപ്പിന് വിട്ടുനൽകാൻ ചടയമംഗലം ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**സബിത എസ്. ഡി.**

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കൊല്ലം.
സെക്രട്ടറി, ചടയമംഗലം ഗ്രാമപഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
റവന്യൂ വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

Danija MS

സെക്ഷൻ ഓഫീസർ